(ഡി)

ക്രമ നമ്പർ	അപേക്ഷകന്റെ വിവരങ്ങൾ	അനുവദിച്ച ധനസഹായം	ധനസഹായം അനുവദിച്ച് നൽകിയ താലൂക്ക്
1	ലീല കുഞ്ഞുമോൻ, വെണ്ണിപ്പറമ്പിൽ, പ്രകാശ് ഗ്രാം	10,000	ഇടുക്കി താലൂക്ക്
2	അജിത, വടകര, മുല്ലക്കാനം	10,000	ഇടുക്കി താലൂക്ക്
3	വാസുദേവൻ നായർ, ചിറയിൽ, ചോറ്റുപാറ	5,000	ഇടുക്കി താലൂക്ക്

(ഇ) താലൂക്ക് മാറിപ്പോയ കേസുകൾ ശ്രദ്ധയിൽപ്പെട്ടാലുടൻ ജില്ലാ കളക്ടറെ അറിയിക്കുന്നതിന് തഹസീൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ ആട് ഫാം

151 (3899) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊളത്തൂർ വില്ലേജിൽ റീ-സർവ്വേ No. 11/1-ൽപ്പെട്ട 25.91 ഏക്കർ ഭൂമി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ആട് ഫാം സ്ഥാപിക്കുന്നതിന് വിട്ടുനൽകണമെന്ന ജില്ലാ ഭരണകൂടത്തിന്റെ അപേക്ഷയിന്മേൽ തീരുമാനം ആകാത്തതുമൂലം പദ്ധതി നടപ്പിലാക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; (ഫയൽ നമ്പർ : 8691/L1/2013/RD);

(ബി) G.O. (Ms) 147/86/RD 21-2-1986-ലെ ഉത്തരവ് പ്രകാരം സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് വിട്ടുനൽകുകയും ഇന്നുവരെ ഇതിൽ പ്രസ്തുത വകുപ്പ് ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ വീണ്ടും വീണ്ടും പ്രസ്തുത വകുപ്പിന് ആവശ്യമുണ്ടോ എന്ന ചോദ്യം ഉന്നയിച്ച് ഭൂമി ആട്ഫാമിന് വിട്ടുതരുന്നതിന് കാലതാമസം വരുത്തുന്ന നടപടി ഒഴിവാക്കി പ്രസ്തുത കേന്ദ്രസർക്കാർ പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) 6-9-1978-ലെ സർക്കാർ ഉത്തരവ് നമ്പർ 1289/1978/ആർ.ഡി. പ്രകാരം കാസർഗോഡ് ജില്ലയിലെ വനവൽക്കരണത്തിനായുള്ള സ്ഥലങ്ങൾ വനം വകുപ്പിന് കൈമാറിക്കിട്ടിയിരുന്നു. ഇപ്രകാരം പ്രാരംഭഘട്ടത്തിൽ കൈമാറിയിരുന്ന 486 ഏക്കർ ഭൂമിയിൽ, കഡ്ലു വില്ലേജിലെ റീ-സർവ്വേ നമ്പർ 382/1-ൽപ്പെട്ട 30.91 ഏക്കർ സ്ഥലവും ഉൾപ്പെട്ടിരുന്നു. ഇതിൽനിന്നും സോഷ്യൽ ഫോറസ്ട്രി ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിനാവശ്യമായ 5 ഏക്കർ ഒഴികെ, ബാക്കിയുള്ള 25.91 ഏക്കർ സ്ഥലം കേന്ദ്രീയ വിദ്യാലയ നിർമ്മാണത്തിനായി വിട്ടു നൽകിയിട്ടുണ്ടായിരുന്നു. ഇങ്ങനെ കൈമാറിയ 25.91 ഏക്കർ സ്ഥലത്തിനു പകരമായി കൊളത്തൂർ വില്ലേജിലെ റീ-സർവ്വേ നമ്പർ 11/1 ബി-യിൽപ്പെട്ട 22.75 ഏക്കർ സ്ഥലം വനവൽക്കരണത്തിനായി വനം വകുപ്പിന് കൈമാറുന്നതിന് 21-2-1986-ലെ സ.ഉ. (എംഎസ്.) 147/86/ആർ.ഡി. പ്രകാരം ഉത്തരവായിരുന്നുവെങ്കിലും ടി ഭൂമി വനം വകുപ്പിന് ഇതുവരെയും കൈമാറി നൽകിയിട്ടില്ല.

കൊളത്തൂർ വില്ലേജിൽ ആകെയുണ്ടായിരുന്ന 24.75 ഏക്കർ റവന്യൂ ഭൂമിയിൽ 2 ഏക്കർ സ്ഥലം കൊളത്തൂർ ഗവ. എൽ.പി. സ്കൂൾ നിർമ്മാണത്തിനു വേണ്ടി റവന്യൂ വകുപ്പ് തന്നെ അനുവദിച്ചു കൊടുക്കുകയും ഇപ്പോൾ സ്ഥലത്ത് ടി സ്കൂൾ പ്രവർത്തിച്ചു വരികയുമാണെങ്കിലും, ബാക്കിയുള്ള കൊളത്തൂർ വില്ലേജിലെ കല്ലള്ളി മുതൽ കമ്പളം പാറ വരെയുള്ള 22.75 ഏക്കർ സ്ഥലം ചുറ്റുമതിൽ കെട്ടിയും കൃഷിയിറക്കിയും പല സ്വകാര്യ വ്യക്തികളുടെയും കൈവശങ്ങളിലായാണ് നിലനിൽക്കുന്നതെന്നതിനാൽ ടി കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് വനം വകുപ്പിന് കൈമാറുകയോ വനം വകുപ്പ് ഇതുവരെയും ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

കേന്ദ്രീയ വിദ്യാലയത്തിന്റെ നിർമ്മാണത്തിനും മറ്റുമായി സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽനിന്നും വനം വകുപ്പ് വിട്ടുകൊടുത്ത കഡ്ലു വില്ലേജിലെ 25.91 ഏക്കർ സ്ഥലത്തിന് പകരം ഭൂമി വനം വകുപ്പിന് ലഭ്യമാകുന്ന സാഹചര്യത്തിൽ മാത്രമേ, മൃഗസംരക്ഷണ വകുപ്പിന് ഭൂമി കൈമാറുന്നതിനുള്ള ശിപാർശ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

കാസർഗോഡ് ജില്ലയിൽ ഗ്രൂപ്പ് വില്ലേജുകളുടെ പ്രവർത്തനം

152 (3900) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ താലൂക്കുകളിലെ വില്ലേജുകളാണ് ഗ്രൂപ്പ് വില്ലേജുകളായി ഇപ്പോഴും പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ ;